| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *160 | 03.10.2011-ലെ മറുപടിക്ക് |
|---|---|

## ഐസ്ക്രീമിന്റെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) പെട്രോളിയം ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് സിന്തറ്റിക് ഐസ്ക്രീം ഉൽപ്പാദിപ്പിച്ചു വിൽക്കുന്നത് ശ്രദ്ധയിൽ പ്പെട്ടതായി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ അറിയിപ്പ് ലഭിച്ചിരുന്നു. അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ ഓഫീസർമാർക്കും ടി അറിയിപ്പിന്റെ ഉള്ളടക്കം അയച്ചു കൊടുക്കുകയും സംസ്ഥാനം ഒട്ടാകെ വ്യാപകമായി പരിശോധന നടത്തുവാനും സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണർ കർശന നിർദ്ദേശം നൽകിയിരുന്നു. **കൂടാതെ** പത്രമാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ **ടി** വിഷയത്തിൽ ബോധവൽക്കരിക്കുന്നതിനായി വിശദമായ പത്രക്കുറിപ്പും നൽകിയിരുന്നു. ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ വിവിധ കമ്പനികളുടെ 18 ഐസ്ക്രീം സാമ്പിളുകളും 34 ഫ്രോസൺ ഡെസേർട്ട് സാമ്പിളുകളും പരിശോധന നടത്തിയതിൽ പെട്രോളിയം ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് സിന്തറ്റിക് ഐസ്ക്രീം നിർമ്മിച്ചതായി കണ്ടെത്തിയിട്ടില്ല. |
| ബി)ഉത്സവ സീസണുകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്ന ഐസ്ക്രീമിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | ബി) ഉത്സവ സീസണുകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന ഐസ്ക്രീമിന്റെ സാമ്പിൾ ശേഖരിക്കുന്നതിന് സംസ്ഥാനമൊട്ടാകെ 14 ജില്ലാ ഓഫീസുകളും 3 മൊബൈൽ വിജിലൻസ് സ്ക്വാഡുകളും 98 ഫുഡ് സേഫ്റ്റി ഓഫീസർമാരും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ |

| | |
|---|---|
| | ഗുണനിലവാരം പരിശോധിക്കുന്നതിന് ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം, റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി എറണാകുളം, റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കോഴിക്കോട് എന്നീ മൂന്ന് ലബോറട്ടറികളിലും Abbe refractometer ഉപയോഗിച്ച് ഐസ്ക്രീമിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പ് കൃത്രിമമായി ചേർത്തതാണോ എന്നും കൃത്രിമ മധുര പദാർത്ഥങ്ങളായ സാക്രിൻ, ഡൽസിൻ എന്നിവ ചേർത്തിട്ടുണ്ടോ എന്നും പരിശോധിക്കുന്നുണ്ട്. കൂടാതെ പെട്രോളിയം ഉൽപ്പന്നങ്ങൾ ചേർത്തിട്ടുണ്ടോ എന്ന് മനസ്സിലാക്കുന്നതിന് ക്രോമറ്റോഗ്രാഫ് രീതി ഉപയോഗിച്ച് പരിശോധന നടത്തി വരുന്നുണ്ട്. |
| സി) റസ്റ്റോറന്റുകളിലും ബേക്കറികളിലും വിൽക്കുന്ന ഐസ്ക്രീം സമയക്രമമനുസരിച്ച് പരിശോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ? | സി) 1954 -ലെ മായം ചേർക്കൽ നിരോധന നിയമമനുസരിച്ച് സംസ്ഥാനമൊട്ടാകെ ഫലപ്രദമായി നടത്തിയിരുന്ന പരിശോധനകൾ ആഗസ്റ്റ് 5 മുതൽ രാജ്യമൊട്ടാകെ നടപ്പിലാക്കിയ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം കൂടുതൽ ഫലപ്രദമായ രീതിയിൽ സംസ്ഥാനമൊട്ടാകെ നടത്തുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ